Malappuram District Police

# 26.06.2017 തിരൂരങ്ങാടി

തിരൂരങ്ങാടിയിൽ ഒരു കോടിയോളം വരുന്ന നിരോധിത നോട്ടുകളുമായി നാലു പേരെ പിടികൂടി. കോഴിക്കോട് ഫറോക്ക് ചുങ്കം പറവണ്ടി ഫിൻസിർ (36), താനൂർ കേരളാദിശ്വരപുരം പരവരമ്പത്ത് സലാഹുദീൻ (37), മലപ്പുറം കോട്ടപ്പടി നാട്ടുവീട്ടിൽ ശിഹാബ് (38), കോഴിക്കോട് ബാലുശേരി കൊയിലോത്തുകണ്ടി ഷിജിത്ത് (28) എന്നിവരെയാണ് തിരൂരങ്ങാടി എസ്.ഐ വിശ്വനാഥൻ കാരയിലും സംഘവും തന്ത്രപരമായി പിടികൂടിയത്. ഇന്നലെ രാവിലെ ഒമ്പതരക്ക് ദേശീയപാത തലപ്പാറയിൽ പോലീസ് വാഹന പരിശോധന നടത്തുന്നതിനിടെയാണ് നാലംഗ സംഘം വലയിലായത്. കോട്ടയ്ക്കൽ ഭാഗത്തേക്കു പോകുകയായിരുന്ന ഇവർ സഞ്ചരിച്ച മാരുതി ആൾട്ടോ കാറിൽ നിന്നാണ് പണം പിടിച്ചെടുത്തത്. കാറിന്റെ പിറകിലിരുന്ന രണ്ടു പേർക്കിടയിൽ ബാഗിൽ സൂക്ഷിച്ച നിലയിലായിരുന്നു പണം. ഒരു കോടി രൂപക്ക് മൂന്നു ലക്ഷം രൂപ കമ്മീഷൻ പ്രകാരം കോട്ടക്കൽ സ്വദേശിക്കു കൈമാറാൻ കാറിൽ വരികയായിരുന്നു ഇവർ. വിവിധയിടങ്ങളിൽ നിന്ന് 20 ശതമാനം നൽകിയാണ് ഇവർ പഴയ നോട്ടുകൾ ശേഖരിക്കുന്നത്. ഇവ മറിച്ചു കൊടുക്കുകയാണ് പതിവ്. നിരോധിച്ച ഇത്തരം നോട്ടുകൾ പ്രവാസികളുടെ എൻ.ആർ.ഐ അക്കൗണ്ടിലൂടെ പുതിയ കറൻസിയാക്കി മാറ്റിയെടുക്കാനാണ് പദ്ധതിയെന്നാണ് കരുതുന്നത്. അന്വേഷണം ശക്തമാക്കുമെന്നു തിരൂരങ്ങാടി സി.ഐ വി. ബാബുരാജൻ അറിയിച്ചു. എവിടെ നിന്നാണ് പണം ശേഖരിക്കുന്നതെന്നും വിതരണം ചെയ്യുന്നതെന്നും അന്വേഷിച്ചുവരികയാണ്. തിരൂരങ്ങാടി എസ്ഐക്കു പുറമെ അഡീഷണൽ എസ്.ഐ ബാലകൃഷ്ണൻ, എഎസ്ഐ സത്യനാരായണൻ, സി.പി.ഒ-മാരായ സി. സുബ്രഹ്മണ്യൻ, കെ. സിറാജുദീൻ എന്നിവർ ചേർന്നാണ് പ്രതികളെ പിടികൂടിയത്.